പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3017 — 20/12/2012-ൽ മറുപടിയ്ക്ക്

## ദേശീയ പാതാ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) ചേർത്തല മുതൽ ഓച്ചിറ വരെ നാലുവരി പാതയ്ക്ക് എത്ര ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ ; | (എ) നിലവിൽ സ്ഥലമെറ്റെടുത്തിട്ടില്ല. |
| (ബി) ഇതിനായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ അനുമതി ലഭിച്ച് ഗസറ്റ് വിജ്ഞാപനം ഉണ്ടായിട്ടുണ്ടോ ; | (ബി) ദേശീയപാത-47 നാലുവരിയാക്കുന്നതിനുള്ള സ്ഥലമെടുപ്പിനായി 3(എ) വിജ്ഞാപനം ഭാരത സർക്കാർ ഗസറ്റിൽ എസ്. ഒ. 638 (ഇ) നമ്പരായി 29-03-2012 ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (സി) കേരളത്തില ദേശീയപാതാ വികസനത്തിന് എത്ര ഹെക്ടർ സ്ഥലം ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ ; | (സി) തിരുവനന്തപുരം ജില്ലയിൽ കടമ്പാട്ടുകോണം മുതൽ കാരോട് വരെ(74 കിമീ) ദേശീയപാത 47ന്റെ വികസനത്തിന് 114.91 ഹെക്ടർ സ്ഥലം ആവശ്യമാണ്.<br><br>കൊല്ലം ജില്ലയിൽ ഓച്ചിറ മുതൽ കടമ്പാട്ടുകോണം വരെ ഏകദേശം 61.41.55 ഹെക്ടറും ആലപ്പുഴ ജില്ലയിൽ തുറവൂർ മുതൽ ഓച്ചിറ വരെ ഏകദേശം 235.3575 ഹെക്ടറും സ്ഥലം ആവശ്യമാണ്.<br><br>എറണാകുളം ജില്ലയിൽ എൻ. എച്ച് 49 ന്റെ വികസനത്തിന് 11 ഹെക്ടറും എൻ. എച്ച് - 17 ന്റെ വികസനത്തിന് 45 മീറ്റർ വീതിയിൽ ഏകദേശം 35 ഹെക്ടറും സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. |

തൃശ്ശൂർ ജില്ലയിൽ ദേശീയപാത 47 ന്റെ വികസനത്തിന് 90.5129 ഹെക്ടർ ഭൂമിയും ദേശീയ പാത 17ന്റെ വികസനത്തിനായി 221.9665 ഹെക്ടർ ഭൂമിയും ഏറ്റെടുക്കേണ്ടതുണ്ട്.

പാലക്കാട് ജില്ലയിൽ വാളയാർ മുതൽ വാണിയമ്പാറ വരെ ദേശീയപാതാ വികസനത്തിനായി 94.2768 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് ദേശീയ പാത അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ എൻ. എച്ച്. 17 വികസനനത്തിന് 186.32 ഹെക്ടർ ഭൂമിയും കോഴിക്കോട് ജില്ലയിൽ 111.48 ഹെക്ടർ ഭൂമിയും കണ്ണൂർ ജില്ലയിൽ 221.8809 ഹെക്ടർ ഭൂമിയും കാസർഗോഡ് ജില്ലയിൽ 161.35 ഹെക്ടർ ഭൂമിയും ആവശ്യമുണ്ട്.

| | | | |
|---|---|---|---|
| (ഡി) | ഭൂമി ഏറ്റെടുത്ത് നൽകാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ ? | (ഡി) | ഭൂമി ഏറ്റെടുത്ത് നൽകാൻ എല്ലാ ജില്ലകളിലും സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടമാരെ കോമ്പിറ്റന്റ് അതോറിറ്റികളായി നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ